# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

13-ാം ധനകാര്യ കമ്മീഷൻ പട്ടിക വർഗ്ഗ വികസനത്തിന് അനുവദിച്ച തുക

977 ശ്രീ.വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13-ാം ധനകാര്യ കമ്മീഷൻ 2011-12 ൽ പട്ടികവർഗ്ഗ വികസനത്തിന് അനുവദിച്ച 37 കോടി രൂപയിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക ഏതെല്ലാം വികസന മേഖലകളിലാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ;

(സി) തുക പൂർണ്ണമായും ചെലവഴിച്ചില്ലായെങ്കിൽ, അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഡി) 2012-13 ലേക്ക് നീക്കിവെച്ച തുക എത്രയാണെന്നും പണം നൽകിയിട്ടുള്ള പദ്ധതികളെന്തൊക്കെയാണെന്നും എവിടെയൊക്കെയാണ് നടപ്പാക്കുന്നതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ആദിവാസി ജനവിഭാഗങ്ങൾക്കായുള്ള പദ്ധതികൾ</u>

978

ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി നിലവിലുള്ള കേന്ദ്ര - സംസ്ഥാന പദ്ധതികൾ ഏതെല്ലാമാണ്;

(ബി) പ്രതിവർഷം ശരാശരി എന്തു തുക ഈ ഇനത്തിൽ ചെലവഴിക്കപ്പെടുന്നു; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതികൾ ആദിവാസി ജനസമൂഹത്തിന്റെ അഭ്യുന്നതിക്ക് എത്രത്തോളം സഹായകരമായിട്ടുണ്ട്; ഇത് വിലയിരുത്തുന്നതിന് സർക്കാരോ ഇതര ഏജൻസികളോ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) ആദിവാസി ജനസമൂഹത്തിന്റെ ഉന്നമനം ലക്ഷ്യമാക്കി കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾ നടപ്പാക്കുന്ന പദ്ധതികൾ ഫലപ്രദമായി നടപ്പാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനും ഉതകുന്ന തരത്തിൽ ശക്തമായ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**07.02.2013-ലെ മറുപടിക്ക്**

<u>പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡ്</u>

979 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ടോ ;

(ബി) ഇതു കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ് ;

(സി) തിരിച്ചറിയൽ കാർഡ് ലഭിക്കുന്നത് മുഖേന എന്തെല്ലാം ആനുകൂല്യങ്ങളാണ് പട്ടികവർഗ്ഗക്കാർക്ക് ലഭിക്കുന്നത് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് ലാപ്‍ടോപ്പ്</u>

980 ശ്രീ. വി.ഡി.സതീശന്‍
,, വര്‍ക്കല കഹാര്‍
,, പി.എ.മാധവന്‍
,, തേറമ്പില്‍ രാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് മെഡിക്കല്‍, എഞ്ചിനീയറിംഗ് കോഴ്സുകളില്‍ പ്രവേശനം ലഭിച്ച പട്ടികവര്‍ഗ്ഗ വിദ്യാര്‍ത്ഥികള്‍ക്ക് എന്തെല്ലാം സഹായങ്ങളാണ് നല്‍കിയിട്ടുളളത്;

(ബി) ഇവര്‍ക്ക് ലാപ്‍ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കില്‍ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങള്‍ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

## അന്ത്യോദയ-അന്നയോജന പദ്ധതി മുഖേന ആദിവാസികൾക്ക് ലഭിക്കുന്ന നേട്ടം

981 ശ്രീ. വി.പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, അൻവർ സാദത്ത്
,, ഡൊമിനിക്ക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാചീന ഗോത്രവർഗ്ഗങ്ങളെയും ആദിവാസി കുടുംബങ്ങളെയും അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം നേട്ടങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ഈ വിഭാഗക്കാർക്ക് ലഭിക്കുന്നത്; വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം കേന്ദ്രസഹായമാണ് ലഭിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ ഭൂരഹിത കുടുംബങ്ങള്‍</u>

982 ശ്രീ. ഇ.പി.ജയരാജന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പട്ടികവര്‍ഗ വിഭാഗത്തില്‍പ്പെട്ട ഭൂരഹിത കുടുംബങ്ങള്‍ എത്ര ഉണ്ട്;

(ബി) സംസ്ഥാനത്തെ പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട ഭൂരഹിതരുടെ ജില്ല തിരിച്ചുളള കണക്കുകള്‍ ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ പട്ടികവര്‍ഗ്ഗ വിഭാഗത്തില്‍പ്പെട്ട ഭൂരഹിതര്‍ക്ക് ഭൂമി ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പുമായി ചേര്‍ന്ന് എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ആദിവാസി സർവ്വേ</u>

983 ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. അജിത്
ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയും വീടും ഇല്ലാത്ത എത്ര ആദിവാസി കുടുംബങ്ങളുണ്ട്;

(ബി) ഭൂമിയുണ്ടായിട്ടും വീടില്ലാത്ത എത്ര ആദിവാസി കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ആദിവാസികളെ സംബന്ധിച്ച് സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സർവ്വേ പ്രകാരം സംസ്ഥാനത്ത് എത്ര ആദിവാസികുടുംബങ്ങളുണ്ടെന്നും അവയിലെല്ലാം കൂടി എത്ര ആദിവാസികളുണ്ടെന്നും വെളിപ്പെടുത്തുമോ;

(ഡി) സർവ്വേ റിപ്പോർട്ടിലെ മറ്റ് വിവരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

ഭവനരഹിതരായ ആദിവാസികൾക്ക് വീട്

984 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, പി. ഉബൈദുള്ള
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഭവന രഹിതരായ ആദിവാസികൾക്ക് വീടുവച്ചുനൽകുന്നതിന് പുതിയ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിക്കുമോ;

(സി) നിലവിലുള്ള പദ്ധതിയിലില്ലാത്ത പ്രത്യേകതകളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിൽ ഭവനരഹിതരായുള്ള ആദിവാസികൾ എത്ര; നടപ്പുവർഷം എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ആദിവാസി കുടുംബങ്ങൾക്ക് ഭൂമി</u>

985 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് എത്ര ആദിവാസി കുടുംബങ്ങൾക്കാണ് ഒരേക്കർ വീതം ഭൂമി വിതരണം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം ജില്ലയിൽ എത്രപേർക്കു വിതരണം ചെയ്തു; ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

## ആദിവാസികൾക്ക് വീട്

986

### ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആദിവാസി കുടുംബങ്ങൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഐ.എ.വൈ. എന്നിവ പ്രകാരം എത്ര വീടുകൾ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രാക്തന ഗോത്രവർഗ്ഗക്കാർക്കു വേണ്ടി പ്രസ്തുത കാലയളവിൽ എത്ര വീടുകൾ അനുവദിച്ചു; വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആദിവാസി വിഭാഗത്തിന്റെ, പ്രാക്തന ഗോത്രവർഗ്ഗത്തിൽപ്പെട്ടവർക്കായി ഇതുവരെ എത്ര വീടുകൾ പൂർത്തിയാക്കാൻ കഴിഞ്ഞുവെന്നും അതിനായി എന്ത് തുക ചെലവായെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

വയനാട് ജില്ലയിലെ മാതൃകാ പട്ടികവർഗ്ഗ കോളനികൾ

987

ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളെയാണ് മാതൃകാ പട്ടികവർഗ്ഗ കോളനികളാക്കി മാറ്റിയിരിക്കുന്നതെന്നതിന്റെ നിയോജകമണ്ഡലം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത മാതൃകാ കോളനികളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) ഓരോ കോളനിയിലും എത്ര ലക്ഷം രൂപയുടെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പട്ടിക വർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങൾ</u>

988 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, കെ. അച്ചുതൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിവരങ്ങൾ ശേഖരിച്ചതിന്റെ ക്രോഡീകൃത റിപ്പോർട്ട് പ്രകാശനം ചെയ്തിട്ടുണ്ടോ;

(സി) ഇത് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) എന്തെല്ലാം വിവരങ്ങളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>വയനാട്ടിൽ അഹാഡ്സ് മാതൃകയിലുള്ള പദ്ധതി</u>

989

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീമതി കെ. കെ. ലതിക
ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി മുഖ്യമന്ത്രി പ്രഖ്യാപിച്ച അഹാഡ്സ് മാതൃകയിലുള്ള പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിക്കായി കേന്ദ്രത്തിൽ നിന്ന് ലഭിച്ച സഹായം എത്രയാണ്;

(സി) കേന്ദ്ര സർക്കാർ ഏതൊക്കെ പരിപാടികൾക്കാണ് അംഗീകാരം നൽകിയിരിക്കുന്നത്; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ വികസന പ്രവർത്തനങ്ങൾ</u>

990 ശ്രീ. എ. കെ. ബാലൻ
,, കെ. വി. വിജയദാസ്
,, എസ്. രാജേന്ദ്രൻ
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയുടെ വികസനത്തിനായുണ്ടായിരുന്ന അഹാഡ്സ് അടച്ചുപൂട്ടിയതിനുശേഷമുള്ള അട്ടപ്പാടിയിലെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) അട്ടപ്പാടിയുടെ തുടർ വികസനത്തിനായി എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്;

(സി) ഇത് സംബന്ധിച്ച് ചീഫ് സെക്രട്ടറി എന്ത് നിർദ്ദേശങ്ങളാണ് നൽകിയിരുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ

991 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിക്രമങ്ങൾ തടയുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>ആദിവാസി, ഗോത്രവിഭാഗങ്ങൾക്ക് എൻട്രൻസ് പരീക്ഷാ പരിശീലനം</u>

992 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസി, ഗോത്രവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളിൽ എൻട്രൻസ് പരീക്ഷ എഴുതാൻ യോഗ്യതയുള്ളവരെ ഗൈഡു ചെയ്യാനും പരിശീലനം നൽകുവാനും സംവിധാനങ്ങളുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(ബി) കഴിഞ്ഞ രണ്ട് വർഷങ്ങളിൽ ഈ വിഭാഗത്തിൽപ്പെട്ട എത്ര വിദ്യാർത്ഥികൾക്ക് എൻട്രസ് പരിശീലനം നൽകി; എത്ര പേർ വിജയിച്ചു; വിജയിച്ചവർക്ക് ലഭിച്ച കോഴ്സുകൾ ഏതെല്ലാം;

(സി) കഴിഞ്ഞ രണ്ട് വർഷങ്ങളായി ആകെ എത്ര പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിച്ചിട്ടുണ്ട്; കോഴ്സ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

(ഡി) പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകാൻ നിലവിൽ സംവിധാനമുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി എന്തു തുക കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ചെലവഴിച്ചു; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നൽകിയ വായ്പകൾ</u>

993 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-2010 കാലയളവിൽ പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വഴി നൽകിയ സ്വയം തൊഴിൽ വായ്പയുടെയും മറ്റു ധനസഹായത്തിന്റെയും വാർഷിക കണക്കുകൾ പ്രത്യേകം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും പ്രസ്തുത ഇനത്തിൽ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>നായാടി സമുദായത്തെ പട്ടികവർഗ്ഗ സമുദായത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ</u>

994 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നായാടി സമുദായത്തെ പട്ടികവർഗ്ഗ സമുദായത്തിൽ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കിർത്താഡ്സ് കേന്ദ്രസർക്കാരിലേക്ക് ശുപാർശ അയച്ചിട്ടുണ്ടോ; പ്രസ്തുത ശുപാർശയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ;

(സി) നായാടി വിഭാഗത്തിൽപ്പെട്ട എത്ര പേർ നിലവിൽ കേരളത്തിൽ സർക്കാർ സർവ്വീസിലുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>പാലക്കാട്ട് ആദിവാസിയുവാവിന്റെ മരണം</u>

995 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് പൂതൂർ പഞ്ചായത്തിലെ അമ്പണ്ണര് ഊരിലെ കാളി എന്ന ആദിവാസി യുവാവ് മരുന്നും ഭക്ഷണവും ലഭിക്കാതെ മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചികിത്സ ലഭിക്കാതെയും പട്ടിണികാരണവും കാളി മരണപ്പെടാനിടയായ സാഹചര്യം സംബന്ധിച്ച് അന്വേഷിക്കുമോ; കാളിയുടെ കുടുംബത്തിന് ഉചിതമായ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

കോയാലി പറമ്പത്ത് ട്രൈബല്‍ കോളനി

996 ശ്രീ. എ. കെ. ശശീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചേളന്നൂര്‍ ഗ്രാമപഞ്ചായത്തിലെ കോയാലിപറമ്പത്ത് ട്രൈബല്‍ കോളനിയുടെ റോഡ് നവീകരണത്തിനായി പ്രൊപ്പോസല്‍ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ നവീകരണത്തിനായുള്ള ഭരണാനുമതി നല്‍കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

യുവജന നയം

997 ശ്രീ. വി. റ്റി ബൽറാം
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജന നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) കരട് നയത്തിന്റെ വിശദാംശങ്ങൾ എന്തൊക്കെയാണ് ;

(സി) യുവജനങ്ങളുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) നയം നടപ്പിലാക്കുന്നതിന് മുൻപ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>യുവജന കമ്മീഷന്‍</u>

998 ശ്രീ. എം.എ.വാഹീദ്
,, അന്‍വര്‍ സാദത്ത്
,, ലൂഡി ലൂയിസ്
,, ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് യുവജനകമ്മീഷന്‍ രൂപീകരിച്ചിട്ടുണ്ടോ;

(ബി) യുവജന കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തന രീതികളും എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) കമ്മീഷന്റെ ഘടനയും പ്രവര്‍ത്തന രീതിയും വിശദീകരിക്കുമോ?

## കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

യുവജനക്ഷേമ പ്രവർത്തനങ്ങളുടെ ഏകോപനം

999 ശ്രീ. സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ സംവിധാനം നിലവിലുണ്ടോ ;

(ബി) ഇതിനായി പ്രത്യേക സംവിധാനം നടപ്പിൽ വരുത്തുന്നത് പരിഗണനയിലുണ്ടോ ;

(സി) വിവിധ വകുപ്പുകളുടെ യുവജനക്ഷേമ പ്രവർത്തനങ്ങൾ പ്രസ്തുത സംവിധാനത്തിൽ കൊണ്ടുവരുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

## യുവജനകാര്യ വകുപ്പിന്റെ പദ്ധതികൾ

1000

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ബജറ്റിൽ യുവജനകാര്യ വകുപ്പിൻ കീഴിൽ ഓരോ ഹെഡിലും വകയിരുത്തിയ പദ്ധതി -പദ്ധതിയേതര തുകയും ഇതുവരെ ചെലവഴിച്ച തുകയും എത്ര;

(ബി) 2012-13 വർഷം യുവജനകാര്യ വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>യുവജനക്ഷേമ പ്രോജക്ടുകൾക്കുള്ള ധനസഹായം</u>

1001 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും** വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) യുവാക്കൾക്ക് യുവജനക്ഷേമ വകുപ്പ് ഏതെല്ലാം പ്രോജക്ടുകൾക്കാണ് ധനസഹായം ലഭ്യമാക്കുന്നത്;

(ബി) പരമാവധി എന്ത് തുകവരെ ധനസഹായമായി അനുവദിക്കാറുണ്ട്; വിശദമാക്കുമോ;

# കേരള നിയമസഭ
## 07.02.2013-ലെ മറുപടിക്ക്

<u>കേരളോത്സവ വിജയികൾക്ക് ഗ്രേസ്മാർക്ക്</u>

1002 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളോത്സവങ്ങളിൽ മത്സരാർത്ഥികളുടേയും കാഴ്ചക്കാരുടേയും എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംഘാടനത്തിന്റെ പോരായ്മകളാണോ ആയതിന് കാരണമായിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) തൃശ്ശൂരിൽ നടന്ന കേരളോത്സവം വേണ്ടതുപോലെ ശ്രദ്ധിക്കപ്പെടാതെ പോയതിന്റെ കാരണം വിശദീകരിക്കുമോ;

(ഡി) സംസ്ഥാന സ്കൂൾ യുവജനോത്സവത്തിൽ വിജയികളാകുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷകൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന മാതൃക അവലംബിച്ചുകൊണ്ട് കേരളോത്സവ വിജയികൾക്ക് പി.എസ്.സി പരീക്ഷയിൽ ഗ്രേസു് മാർക്ക് അനുവദിക്കുമോ;

(ഇ) കേരളോത്സവങ്ങളെ സജീവമാക്കാനും ഗ്രാമീണ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാനും ഈ നിർദ്ദേശം പ്രാവർത്തികമാക്കുവാൻ സന്നദ്ധമാകുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>യൂത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനം</u>

1003 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന ക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനം എപ്രകാരമെന്ന് വിശദമാക്കുമോ;

(ബി) ഇവർക്ക് നൽകുന്ന ഓണറേറിയം എത്രയാണ്;

(സി) ഓണറേറിയം നൽകുന്നതിനായി കേന്ദ്ര ഫണ്ട് അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) യൂത്ത് കോ-ഓർഡിനേറ്റർമാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

മൃഗശാലകളുടെ നവീകരണം

1004 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, പി.സി. വിഷ്ണുനാഥ്
,, ആർ. സെൽവരാജ്
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗശാലകളിൽ ഏന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്: വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സന്ദർശകരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) സന്ദർശകർക്ക് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ഡി) സന്ദർശകർക്ക് വേഗത്തിൽ ടിക്കറ്റ് ലഭ്യമാകുന്നതിന് ഓട്ടോമാറ്റിക്ക് കിയോസ്ക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പിന്റെ പദ്ധതി-പദ്ധതിയേതര ചെലവ്</u>

1005 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ബജറ്റിൽ കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പിന് ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും വകയിരുത്തിയ പദ്ധതി-പദ്ധതിയേതര തുകയും ഇതുവരെയുളള ചെലവു വിവരപ്പട്ടികയും ലഭ്യമാക്കുമോ;

(ബി) 2012-13 വർഷം പ്രസ്തുത വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും എത്രയെന്നും അറിയിക്കാമോ?

# കേരള നിയമസഭ
# 07.02.2013-ലെ മറുപടിക്ക്

<u>തൃശ്ശൂർ മൃഗശാല പുത്തൂരിലേയ്ക്ക്</u>
<u>മാറ്റി സ്ഥാപിക്കൽ</u>

1006 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ മൃഗശാല പുത്തൂരിലേക്ക് സ്ഥലം കണ്ടെത്തി മാറ്റി സ്ഥാപിക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദീകരിക്കുമോ;

(ബി) പുത്തൂരിലെ നിർദ്ദിഷ്ട സ്ഥലത്ത് നിർമ്മാണ ജോലികൾ നടന്നുവരുന്നുണ്ടോ; സമയബന്ധിതമായി മാറ്റി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എന്ന് മാറ്റിസ്ഥാപിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ?